# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 972** **10.06.2019 ലെ മറുപടി**

## നാട്ടിക നിയോജക മണ്ഡലത്തിലെ ജലസേചന വകുപ്പ് പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി : | | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | നാട്ടിക നിയോജക മണ്ഡലം ഉൾപ്പെടുന്ന അഞ്ച് തീരദേശ പഞ്ചായത്തുകളിൽ ചേറ്റുവ മുതൽ സ്നേഹതീരം ബീച്ച് വരെ പുലിമുട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇത് നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്താണെന്നു വിശദമാക്കാമോ; | (എ) | ഈ മേഖലയിൽ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. |
| (ബി) | നാട്ടിക മണ്ഡലത്തിൽ ചാഴൂർ ഗ്രാമപഞ്ചായത്തിലെ ഒമ്പതാം വാർഡിൽ പുഴയുടെ കരഭാഗം ഉദ്ദേശം 25 മീറ്റർ നീളം വരുന്ന ഭാഗം തകർന്ന് കിടക്കുന്നത് കെട്ടുന്നതിന് 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനുള്ള തടസം എന്താണ്; ഈ നിർമ്മാണം എന്ന് പൂർത്തിയാക്കും എന്ന് വിശദമാക്കാമോ; | (ബി) | നാട്ടിക മണ്ഡലത്തിൽ ചാഴൂർ ഗ്രാമ പഞ്ചായത്തിൽ 9-)0 വർഡിൽ പുഴയുടെ കരഭാഗം 250 മീറ്റർ കെട്ടുന്നതിന് 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം അത്യാവശ്യമുള്ള 50 മീറ്റർ നീളം വരുന്ന ഭാഗം കെട്ടുന്നതിന് 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഈ മണ്ഡലത്തിലെ താന്ന്യം ഗ്രാമപഞ്ചായത്തിലെ മുനയത്ത് റഗുലേറ്റർ സ്ഥാപിക്കുന്നതിന് 24 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനുള്ള തടസം എന്താണ്; എപ്പോൾ പ്രവൃത്തി ആരംഭിക്കുന്നതിന് സാധിക്കും എന്ന് വ്യക്തമാക്കാമോ; | (സി) | ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ആവശ്യമായ ചില തിരുത്തലുകൾ വരുത്തുകയും ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തീകരിക്കുകയും ചെയ്ത ശേഷം സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും നടപടി എടുത്തുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | നാട്ടിക മണ്ഡലത്തിലെ കീഴ്പ്പള്ളിക്കര മുനയം തല്ക്കാലിക ബണ്ട് നിർമ്മാണത്തിലെ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

**സെക്ഷൻ ഓഫീസർ**